# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3947

**11.11..2019-ൽ മറുപടിയ്ക്ക്**

**പരിയാരം ആയുർവ്വേദ കോളേജ്**

| | ചോദ്യം<br>**ശ്രീ.റ്റി.വി.രാജേഷ്** | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ ബി.എ.എം.എസ് സീറ്റുകളുടെ എണ്ണം നാൽപ്പതിൽ നിന്ന് നിന്ന് അറുപത് ആയി വർദ്ധിപ്പിച്ചത് കണക്കിലെടുത്തും അടിസ്ഥാന സൗകര്യത്തിന്റെ അഭാവം കണക്കിലെടുത്തും പുതിയ അക്കാദമിക്ക് ബ്ലോക്ക് നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | സ്വീകരിച്ചിട്ടുണ്ട്.<br><br>കണ്ണൂർ ഗവ. ആയുർവേദ കോളേജിൽ ബി.എ.എം.എസ്. സീറ്റുകളുടെ എണ്ണം 2018-19 അക്കാദമിക് വർഷം മുതൽ 40-ൽ നിന്ന് 60 ആക്കിയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ക്ലാസ്സ് മുറികളിൽ 60 കുട്ടികളെ പ്രവേശിപ്പിക്കുവാനുള്ള സൗകര്യമില്ലാത്തത് പരിഗണിച്ച് പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് അപേക്ഷ നൽകുകയും. ചീഫ് ആർക്കിടെക്റ്റ് 7 നിലകളുള്ള അക്കാദമിക് ബ്ലോക്കിന്റെ ഡിസൈൻ തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിരുന്നു. ചീഫ് ആർക്കിടെക്റ്റ് തയ്യാറാക്കിയ ഡിസൈനിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പ്രസ്തുത ഡിസൈൻ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കോഴിക്കോടുള്ള ഡ്രിക്കിലേക്ക് അയച്ചിട്ടുണ്ട്. പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 87 കോടി രൂപയുടെ റഫ് എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്. ടി കോളേജിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലെ പണികൾ അന്തിമഘട്ടത്തിലായതിനാൽ 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അക്കാദമിക് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ തുക ലഭ്യമല്ലായിരുന്നു. 2020-21 ലെ ബഡ്ജറ്റിൽ പ്രസ്തുത അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനായി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ശുപാർശ നൽകിയിട്ടുണ്ട്. |
| (ബി) | ബജറ്റിൽ പ്രഖ്യാപിച്ച ആയുർവ്വേദ കോളേജിലെ ഐ & ഇ.എൻ.ടി | (ബി) | കണ്ണൂർ ആയുർവേദ കോളേജിനോടനുബന്ധിച്ച് നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന |

| | | | |
|---|---|---|---|
| (ബി) | ബജറ്റിൽ പ്രഖ്യാപിച്ച ആയുർവ്വേദ കോളേജിലെ ഐ & ഇ.എൻ.ടി ആശുപത്രി കെട്ടിട നിർമ്മാണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടു-ള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | കണ്ണൂർ ആയുർവേദ കോളേജിനോടനുബന്ധിച്ച് നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ഐ & ഇ.എൻ.റ്റി ആശുപത്രി കെട്ടിടത്തിന്റെ സ്കെച്ച് ഡിസൈൻ ചീഫ് ആർക്കിടെക്റ്റ് തയ്യാറാക്കുകയും പൊതുമരാമത്ത് കെട്ടിട വിഭാഗം 33 കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തതിൻ പ്രകാരം ചീഫ് ആർക്കിടെക്റ്റ് തയ്യാറാക്കിയ ഡിസൈൻ അടിസ്ഥാനമാക്കി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ഡ്രീക്കിന് അയച്ചുകൊടുത്തിട്ടുണ്ട്. ടി കോളേജിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുടെ പണികൾ അന്തിമഘട്ടത്തിലായതിനാൽ ടി ആശുപത്രിക്കാവശ്യമായ തുക 2019-20 വർഷത്തെ ബഡ്ജറ്റിൽ അനുവദിക്കാനായിട്ടില്ല. |

സെക്ഷൻ ഓഫീസർ